● പഠനം

● വി. എ. മുഹമ്മദ് അശ്‌റഫ്

# സയണിസ്റ്റ് ഹിന്ദുത്വ ബാന്ധവം

**വംശീയവാദ ശക്തികളായ ക്രൈസ്തവ-ജൂത-സയണിസങ്ങളും യൂറോപ്യൻ നവനാസിസവും ഹിന്ദുത്വവും ചേർന്ന് ആയുധ ലോബികളുടെയും ഇതര സാമ്രാജ്യത്വ ഏജന്റുകളുടെയും സഹായത്തോടെ ആഗോളതലത്തിൽ യുദ്ധഭ്രാന്തും വംശവെറിയും പരമതനിന്ദയും അസമാധാനവും വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണിന്ന്. ഈ പശ്ചാത്തലത്തിൽ ഹിന്ദുത്വ-സയണിസ്റ്റ് ബാന്ധവത്തെപ്പറ്റി ചരിത്രപരവും രാഷ്ട്രീയവുമായ ഒരന്വേഷണം നടത്തുകയാണ് ഈ പ്രബന്ധം.**

ഒരു വംശത്തിന്റെ സംസ്കാരവും മതവും മറ്റൊന്നിനേക്കാൾ മെച്ചപ്പെട്ടതാണെന്ന അവകാശവാദം ദേശീയതയുമായിച്ചേർത്ത് രാഷ്ട്രീയ പ്രശ്നമായുന്നയിക്കുന്നത് മതാധിപത്യത്തിലേക്കും ഫാഷിസ്റ്റ് തേർവാഴ്ച്ചയിലേക്കും നയിക്കും. ചരിത്രത്തിൽ ഇതിന് ധാരാളം തെളിവുകളുണ്ട്: യൂറോപ്പിൽ നിലവിൽ വന്ന ആദ്യത്തെ ഫാഷിസ്റ്റ് ഭരണകൂടം ബെനിറ്റോ മുസ്സോളനിയുടേതാണ് (1922-1944). അതിന് ശേഷം ജർമ്മനിയിൽ അഡോൾഫ് ഹിറ്റ്ലറുടെ നേതൃത്വത്തിൽ നാസികൾ അധികാരംവാണു (1933-1945)

ഇവയോടൊപ്പം ചേർത്ത് പറയാവുന്ന ഒട്ടേറെ വംശാധിപത്യങ്ങളുണ്ട്: ചൈനയിൽ നിലനിന്ന ഹാൻ വംശാധിപത്യം, റുവാണ്ടായിലെ ഹുട്ടു ആധിപത്യം, അമേരിക്കയിലെ വെള്ളക്കാരുടെ ആധിപത്യം, പല മധ്യ കിഴക്കൻ യൂറോപ്യൻ നാടുകളിലും നിലനിന്ന നിയോ നാസിസവും ആന്റിസെമിറ്റിസവും; ഇവയൊക്കെ ന്യൂനപക്ഷങ്ങളുടെ മേൽ സമസ്ത അപരാധങ്ങളും എയ്തുവിട്ടു.

സയണിസത്തിൽ പ്രതിസ്ഥാനത്ത് നിലനിൽക്കുന്ന ഇസ്‌ലാമും മുസ്‌ലിംകളും തന്നെയാണ് ഹിന്ദുത്വയുടെയും പ്രതിസ്ഥാനത്തുമുള്ളത്: 'മുസ്‌ലിം ഭീഷണി' എന്ന പൊതുബിന്ദുവിൽ അവർ യോജിക്കുന്നു.

ഒരു കാലത്ത് പലസ്തീൻ വിമോചന പോരാട്ടത്തിന്റെ ഏറ്റവും ശക്തനായ പിന്തുണക്കാരനായിരുന്നു ഭാരതം. എന്നാൽ ഹിന്ദുത്വം ശക്തിയാർജിച്ചതോടെ മഹാത്മജിയും നെഹ്റുവും ഉയർത്തിപ്പിടിച്ച മതേതര ജനാധിപത്യ മൂല്യങ്ങളിൽ നിന്ന് ക്രമേണയായി പിൻവാങ്ങുന്നതാണ് നാം കാണുന്നത്. പാക്കിസ്താന്റെ പലസ്തീൻ പിന്തുണ മതപ്രോക്തവും ആഴക്കുറവുള്ളതുമായിരുന്നപ്പോൾ, ഇന്ത്യയുടേത് ആഴമേറിയ മതേതരത്വ കൊളോണിയൽ വിരുദ്ധതയിൽ നിന്നുയിർക്കൊണ്ടതായിരുന്നുവെന്ന നിരീക്ഷണം 1960 കളിലും 1970 കളിലും പലസ്തീൻ ബുദ്ധിജീവികൾ പ്രകടിപ്പിച്ചിരുന്നതായി പ്രമുഖ രാഷട്രീയ ചിന്തകൻ ഐജാസ് അഹമ്മദ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.*1*

കൊളോണിയലിസത്തിനും ജനാധിപത്യത്തിനും സ്വയം നിർണ്ണയാവകാശത്തിനും മനുഷ്യാവകാശങ്ങൾക്കുമായുള്ള ആദർശാധിഷ്ഠിത നിലപാടുകൾ ഇന്ത്യക്ക് കൈമോശം വന്നതെങ്ങനെയാണ്? ശക്തനായ പലസ്തീൻ അനുകൂല രാഷ്ട്രത്തിൽ നിന്ന് വീറുറ്റ സയണിസ്റ്റ് ഇസ്രയേൽവാദിയായി ഇന്ത്യ മാറിയതെങ്ങനെയാണ്? ഭരണകുടത്തിന്റെ നയവൈകല്യങ്ങൾ നിമിത്തം ഫാഷിസ്റ്റ് സാമൂഹിക പോളിസികളും സംഘടനകളും ശക്തമായി വളർന്നുകൊണ്ടിരിക്കുന്ന രാജ്യമായി ഇന്ത്യ മാറിയതുമായി ഈ ഗതിമാറ്റത്തിന് അഗാധമായ ബന്ധമുണ്ട്.

മനുഷ്യാവകാശം എന്ന ആശയം തന്നെ ഭീകരന്മാർ ഇറക്കുന്ന പുതിയ തുരുപ്പ് ശീട്ടായിട്ടാണ് മുഖ്യധാരാ മാധ്യമങ്ങൾ ഇന്ന് വ്യഖാനിക്കുന്നത്. ഇന്ത്യയുടെ ഫാഷിസ്റ്റ്‌വൽക്കരണ പ്രക്രിയയെപ്പറ്റി നമ്മുടെ സാംസ്കാരിക ചിന്തകർ വേണ്ടത്ര ബോധവാന്മാരായില്ലെങ്കിൽ വലിയൊരു ആപത്തിലേക്കാകും നാം ആപതിക്കുക. സിവിൽ അവകാശങ്ങൾ സുരക്ഷയുടെ പേരിൽ വ്യാപകമായി കവർന്നെടുക്കാൻ ഇരുട്ടിന്റെ ശക്തികൾക്ക് കഴിയുമ്പോൾ വിനഷ്ടമാകുന്നത് മാനവ സംസ്കൃതിയുടെ മഹോന്നതമായ മൂല്യങ്ങളും മനുഷ്യൻ എന്ന സ്പീഷീസിന്റെ ഉദാത്തമായ സാധ്യതകളുമാണ്.

**ഹിന്ദുത്വ: ഫാഷിസത്തിന്റെ ഉദാത്ത മാതൃക**

ഭാരതത്തിന്റെ വൈവിധ്യമാർന്ന സാംസ്കാരിക പാരമ്പര്യങ്ങളെയും അവയുടെ സങ്കീർണതകളെയും ഉൾക്കൊള്ളാൻ വിസമ്മതിക്കുന്നതും ബ്രാഹ്മണ്യ സംസ്കാരികക്കോയ്മ അടിച്ചേൽപിക്കാൻ ഇച്ഛിക്കുന്നതുമായ ദർശനമാണ് ഹിന്ദുത്വ. ബ്രാഹ്മണാധിപത്യത്തിലുള്ളതും ഹൈന്ദവ സമുഹത്തിന്റെ ശ്രേണീകൃത വ്യവസ്ഥ നിലനിർത്തുന്നതും ന്യനപക്ഷങ്ങൾക്ക് മേൽ ആധിപത്യം പുലർത്തുന്നതും തുല്യപൗരത്വമില്ലാത്തതുമായ ഒരു വലതുപക്ഷരാഷ്ട്രീയ വ്യവസ്ഥ കെട്ടിപ്പടുക്കാനാണ് അവർ ലക്ഷ്യമിടുന്നത്. ഹൈന്ദവ മതത്തിന്റെ ബാഹ്യചിഹനങ്ങൾ മാത്രം സ്വാംശികരിച്ച് അത്

അധികാരത്തിന്റെയും വെറുപ്പിന്റെയും ഉപകരണമാക്കുകയാണ് ഹിന്ദുത്വയുടെ തന്ത്രപരമായ സമീപനം.

ഹിന്ദുമഹാസഭയും (1915) ആർ.എസ്. എസും (1925) ഇന്ത്യൻ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ പങ്കുചേരാതെ വലതുപക്ഷ തീവ്രവാദത്തിന്റെ ന്യൂക്ലിയസ്സായി പ്രവർത്തിക്കുകയായിരുന്നു. കൊളോണിയൽ വിരുദ്ധത അവർക്ക് ആവേശം നൽകിയ സങ്കൽപമായിരുന്നില്ല. മുസ്‌ലിം -ക്രൈസ്തവ ജനതകളെ അപരവൽകരിച്ച് അവരെ പ്രതിസ്ഥാനത്ത് പ്രതിഷ്ഠിക്കുക എന്നതായിരുന്നു തുടക്കം മുതലേ അവരുടെ കർമ്മ പദ്ധതി. അത്തരം ഒരാശയഗതിക്കാരനായ നാഥുറാം വിനായക് ഗോഡ്സെയുടെ (1910–1949) തോക്കിനിരയായാണ് 1948 ൽ ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മജി (1869–1948) മരിച്ചുവീണത്.

ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളിലൊന്നും ആർ. എസ്. എസിന് പങ്കില്ലായിരുന്നുവെന്ന് സംഘ് നേതാവ് നാനാജി ദേശ്മുഖ് തന്നെ സമ്മതിച്ചിട്ടുണ്ട്.*2* ബ്രിട്ടീഷ് വിരുദ്ധത എന്നത് ദേശഭക്തിയും ദേശീയതയുമായി തുല്യപ്പെടുത്തുന്നതിനെ പ്രതിവിപ്ലവപരമായി നിർവ്വചിച്ച് ഇകഴ്ത്തുകയായിരുന്നു സംഘ് തലവൻ ഗുരുജി ഗോൾവാർക്കർ (1906–1973).*3*

മനുഷ്യരാശി ദർശിച്ച ഏറ്റവും ശക്തമായ കൊളോണിയൽ വിരുദ്ധ മുന്നേറ്റമായ 1942 ലെ ക്വിറ്റ് ഇന്ത്യാ മൂവ്മെന്റിൽ ദശലക്ഷക്കണക്കിന് ഹൈന്ദവരും മുസ്‌ലിംകളും ക്രൈസ്തവരും സിഖുകാരും രാജ്യത്തിന്റെ ഓരോ മുക്കുമൂലകളിലും അണിനിരന്നപ്പോൾ ഹിന്ദുത്വർ ബ്രിട്ടീഷ് യത്നങ്ങൾക്ക് പിന്തുണ നൽകി കൊലച്ചതി ചെയ്യുകയായിരുന്നു.

ഹിന്ദുമഹാസഭയുടെ രാജ്യദ്രോഹ സ്വഭാവം നേരത്തെ തന്നെ നെഹ്റു തിരിച്ചറിഞ്ഞിരുന്നു: 'ഹിന്ദുമഹാസഭയടക്കമുള്ള സംഘടനകൾ വർഗ്ഗീയവും രാജ്യദ്രോഹകവും പ്രതിലോമപരവുമാണ്.'*4*

1980 കൾ വരെ കാര്യമായ രാഷ്ട്രീയ സ്വാധീനമില്ലാതിരുന്ന സംഘ് ശക്തികൾ, കോൺഗ്രസ്സ് പാർട്ടി സോഷ്യലിസം കയ്യൊഴിച്ചുകൊണ്ട് നിയോ ലിബറലൈസേഷൻ പുൽകുകയും മതവികാരത്തെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി വ്യാപകമായി ഉപയോഗിക്കാനാരംഭിക്കുകയും ചെയ്തതോടെയാണ് ശക്തിപ്പെട്ടത്. ബ്യൂറോക്രസിയിലെ വർഗ്ഗീയ മനോഭാവക്കാരുടെ പിന്തുണയോടെ സംഘ് രാഷ്ട്രീയമായി പുഷ്ടിപ്പെടുകയായിരുന്നു. ഇന്ന് തങ്ങളുടെ 20000 വിദ്യാഭാരതി സ്കൂളുകളുടെയും 30000 ശാഖകളുടെയും സഹായത്തോടെ മാത്രമല്ല, ഭരണകൂടത്തിലെ പോലീസ്-ഇന്റലിജൻസ് വിഭാഗങ്ങളുടെയും മറ്റ് ബ്യൂറോക്രാറ്റുകളുടെയും ആശീർവാദത്തോടെയാണ് രാജ്യത്ത് അതിദ്രുതം ഫാഷിസ്റ്റുവല്കരണം നടത്തുന്നത്.


ഫാഷിസ്റ്റ്വൽകരണം എന്നത് സംഘിന്റെ തുടക്കം മുതലേ ഉള്ള ലക്ഷ്യമായിരുന്നു. സംഘ് സ്ഥാപക നേതാക്കളിലൊരാളായ ബി.എസ്. മുഞ്ജേ ഇറ്റലിയിലെത്തി മുസ്സോളനി ഭരണകൂടവുമായി ചർച്ച നടത്തിയെന്ന് ആർക്കൈവ് രേഖകളുദ്ധരിച്ചു ചരിത്രപണ്ഡിതൻ മർസിയ കസോലരി തെളിയിച്ചിട്ടുണ്ട്.*5*

തങ്ങളുടെ ലക്ഷ്യങ്ങൾ യാതൊരു മറയുമില്ലാത്തവിധം സംഘ് നേതാക്കൾ വ്യക്തമാക്കുകയും ചെയ്തു. ഉദാഹരണത്തിന് ഗോൾവാൾക്കർ എഴുതിയത്, ഹിന്ദുസ്ഥാനിലെ അഹിന്ദുക്കൾ ഹിന്ദുസംസ്കാരവും ഭാഷയും സ്വീകരിക്കുകയും ഹിന്ദുവംശത്തെയും സംസ്കാരത്തെയും മഹത്വപ്പെടുത്തുകയും അവർ ഹിന്ദുരാഷ്ട്രത്തിൽ പൗരത്വം പോലുമില്ലാത്തവരായി കഴിയുകയും ചെയ്യണമെന്നാണ്.*6* അദ്ദേഹം തുടരുന്നു:

'ജർമൻ ദേശീയത ഉയിർത്തെഴുന്നേറ്റതാണ് ഇന്നത്തെ പ്രധാന വിഷയം. രാഷ്ട്രത്തിന്റെ വിശുദ്ധിയും സംസ്കാരവും നിലനിർത്താൻ ജൂത-സെമിറ്റിക് വിഭാഗത്തെ ഒഴിവാക്കിക്കൊണ്ട് ജർമ്മനി ലോകത്തെ ഞെട്ടി



*മുസ്സോളിനി*



*ഡേവിഡ് ബെൻഗുരിയൻ*



*നാഥുറാം വിനായക് ഗോഡ്സെ*

ച്ചു. ദേശാഭിമാനത്തിന്റെ ഉന്നതമായ പ്രകടനമായിരുന്നു അത്. വ്യത്യസ്ത വംശങ്ങൾക്കും സംസ്കാരങ്ങൾക്കും ഒരൊറ്റ ഏകകമായി അലിഞ്ഞ് ചേരാനാകില്ലെന്ന് ജർമ്മനി തെളിയിക്കുന്നു. ഇതിൽനിന്ന് നമുക്ക് പാഠങ്ങൾ പഠിക്കാനുണ്ട്.' *7*

ഭാരത സംസ്കാരത്തിന്റെ ബഹുത്വ ഘടനയെ ഹിന്ദുത്വ തള്ളിപ്പറയുന്നുവെന്ന് മേൽ ഉദ്ധരണി സൂചിപ്പിക്കുന്നു. ഹിന്ദുമതത്തിന്റെ സഹിഷ്ണുതയെ അവർ നിഷേധിക്കുകയാണ്. ശത്രുവിനെയും അപരനെയും പ്രതിഷ്ഠിച്ച് മാത്രം സ്വയം നിർവ്വചിക്കാൻ കഴിയുന്ന വിധം അവർ ഹിന്ദുമതത്തെ അവമതിക്കുന്നു.

ആന്ത്രോപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ 'പിപ്പിൾ ഓഫ് ഇന്ത്യ' എന്ന പഠനമനുസരിച്ച്, 4000 ത്തിലേറെ സമുദായങ്ങൾ വ്യതിരിക്ത സംസ്കാരങ്ങളോടെയും ഭാഷാ-മത വിശ്വാസമടക്കമുള്ള വൈജാത്യങ്ങളോടെയും ഇന്ത്യയിൽ കഴിയുന്നുണ്ട്. ഹിന്ദുക്കളും മുസ്ലിംകളും 95% ത്തിലും പൊതുസ്വഭാവം പുലർത്തുന്നുവെന്നു പ്രസ്തുതാ പഠനം പുറത്തുകൊണ്ടുവന്നു. ഇന്ത്യയിൽ ആരും പൂർണ സ്വദേശികളോ പൂർണ വിദേശികളോ അല്ല എന്നതാണ് നരവംശശാസ്ത്ര പഠനം വെളിവാക്കുന്ന മറ്റൊരു വസ്തുത. ഈ കണ്ടെത്തലുകളൊക്കെ ഹിന്ദുത്വയുടെ അടിസ്ഥാന സിദ്ധാന്തങ്ങളെ കടപുഴക്കിയെറിയുകയാണ്.

ഹിന്ദുത്വയുടെ സൈദ്ധാന്തിക സങ്കല്പങ്ങളുമായി ഏറെ സാധർമ്യമുണ്ട് സയണിസത്തിന്. ഉദാഹരണമായി, ജൂത വംശമേധാവിത്വത്തെ ന്യായീകരിച്ചുകൊണ്ട് മുൻ ഇസ്രയേൽ പ്രധാനമന്ത്രി ഡേവിഡ് ബെൻഗൂരിയൻ പറഞ്ഞു:

'ഞങ്ങളുടെ അതിജീവനത്തിന്റെ രഹസ്യം ധാർമ്മികമായും സാംസ്കാരികമായ ഔന്നത്യമാണ്.' *8*

പലസ്തീനികളോട് വെറുപ്പും വിദ്വേഷവും വെച്ചുപുലർത്തുന്ന വംശീയ പ്രത്യയശാസ്ത്രമായ സയണിസം ബൈബിളിന്റെ ന്യായമുപയോഗിച്ചാണ് നൂറ്റാണ്ടുകൾക്ക് ശേഷം കടന്നുവന്ന് തദ്ദേശീയരായ പലസ്തീനികളുടെ ജന്മഭൂമി തട്ടിയെടുത്തത്.

ലോകത്തെങ്ങുമുള്ള ഭീകരസംഘങ്ങൾക്കും വർഗ്ഗീയ-വംശീയ ദു:ശ്ശക്തികൾക്കും സയണിസം എന്നും സഹായ ഹസ്തങ്ങൾ നീട്ടാറുണ്ട്. ദക്ഷിണാഫ്രിക്കയിലെ അപ്പാർത്തീഡ് ബോഥാ ഭരണകൂടത്തിനും, സയറിലെ മൊബൂട്ടുവിനും, സാൽവഡോറിലെ കൊലയാളി സ്ക്വാഡുകൾക്കും, ലബനീസ് ഫലാഞ്ചസ്റ്റുകൾക്കും കൊളമ്പിയയിലെ വലതുപക്ഷ പാരാമിലിട്ടറികൾക്കും സഹായം നൽകുന്നതിനേക്കാൾ ആത്മബന്ധത്തോടെയാണ് ഹിന്ദുത്വയെ സയണിസം പുൽകുന്നത്.

സ്വന്തം രാജ്യത്ത് മതാധിപത്യവും വംശീയോന്മുഖമായ അപാർത്തീഡും നടപ്പാക്കുന്ന ഇസ്രയേലിനെ 'ജനാധിപത്യ സ്നേഹിതർ' എന്ന് വിളിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വം, ബഹുസ്വര ഘടനയെ അപഹസിക്കുകയാണ്.

നാസി വാഴ്ചക്കാലത്ത് ജൂതരുടെ ജീവൻ രക്ഷിച്ചെടുക്കാൻ ലവലേശം താല്പര്യമില്ലാതെ, പലസ്തീനികളെ പിഴുതുമാറ്റി ഒരു വംശീയരാഷ്ട്രം സ്ഥാപിച്ചെടുക്കാൻ മാത്രമായിരുന്നു സയണിസ്റ്റുകൾ ഇച്ഛിച്ചിരുന്നതെന്ന് ജൂത ചരിത്രകാരൻ തന്നെ തെളിയിക്കുന്നുണ്ട്.*9*

ഇസ്രയേലിനകത്ത് കഴിയുന്ന 1.2 മില്യണും ഇസ്രയേൽ നിയന്ത്രണത്തിൽ പുലരുന്ന 3.25 മില്യണും വരുന്ന പലസ്തീനികൾ കനത്ത തോതിലുള്ള അപാർത്തീഡിന് വിധേയരാണ്. വീട് നിർമ്മാണം, തൊഴിൽ, വിദ്യാഭ്യാസം, ഊർജ്ജ ലഭ്യത, സാമൂഹിക സേവനങ്ങൾ എന്നിവയിൽ അവർ നഗ്നമായ വിവേചനം നേരിടുന്നു. പലസ്തീനികൾ രണ്ടാം തരം പൗരന്മാർ മാത്രമല്ല, രണ്ടാം തരം മനുഷ്യർ കൂടിയാണെന്നാണ് സയണിയത്തിന്റെ ഭാഷ്യം. സ്വന്തം നാട്ടിൽ നിന്ന് ആട്ടിയിറക്കപ്പെട്ട് വംശീയതയുടെ കരാളതക്കിരയായ പതിത ലക്ഷങ്ങളോട് മാനവികതയുടെ മഹോന്നതമായ കാരുണ്യവികാരവും നീതിബോധവും ഉൾക്കൊണ്ട സമീപനമായിരുന്നു 1990 വരെ ഭാരതം പുലർത്തിയിരുന്നത്.

ഗുജറാത്തിലെയും ഒറീസയിലെയും സംഘ് ഭരണാധികാരികളെപ്പോലെ, പലസ്തീൻ തദ്ദേശവാസികൾക്കെതിരെ 1980 കളിൽ ഭീകര പ്രവർത്തനം നടത്തിയ കൊലയാളി സംഘങ്ങൾക്ക് മാപ്പ് നൽകിക്കൊണ്ട് ഇസ്രയേൽ ഭരണകൂടം അതിന്റെ തീവ്രവർഗ്ഗീയ മുഖം പ്രകടമാക്കി. *10*

**വളർന്നുവരുന്ന ഹിന്ദുത്വ-സയണിസ്റ്റ് മുന്നണി**

ഹിന്ദുത്വ-സയണിസ്റ്റ് പ്രത്യയശാസ്ത്രങ്ങൾ ചരിത്രത്തിലുടനീളം സാമ്രാജ്യത്വത്തോട് വിധേയത്വമാണ് പുലർത്തിയിരുന്നത്. ഉദാഹരണത്തിന്, കെനിയയിലും താൻസാനിയയിലുമുണ്ടായ യു.എസ് എംബസി ആക്രമണത്തിന് തിരിച്ചടിയെന്നോണം സുഡാനിലും അഫ്ഗാനിലും 1998 അമേരിക്ക നടത്തിയ മിസൈലാക്രമണത്തെ വാജ്പെയ് ഭരണകൂടം പിന്തുണച്ചു. വിയറ്റ്നാം അധിനിവേശക്കാലത്ത് ഗോൾവാർക്കർ അമേരിക്കക്ക് പിന്നിൽ പാറപോലെ ഉറച്ചു നിന്നപ്പോൾ, 1991 മുതലുള്ള ഇറാഖ് അധിനിവേശങ്ങളെ ആദ്യം സംഘ് നേതാവ് സുദർശനനും പിന്നീട് മറ്റ് സർസംഘചാലക്മാരും പിന്തുണച്ചുകൊണ്ട് സാമ്രാജ്യത്വദാസ്യഭാവം പ്രകടമാക്കി. 1948 ലെ ഇസ്രയേൽ രൂപീകരണത്തിൽ ബ്രിട്ടീഷ് അമേരിക്കൽ സാമ്രാജ്യത്വങ്ങൾ നൽകിയ കൈത്താങ്ങ് ഏറെ ശക്തമായിരുന്നു. ഇരു വംശീയതകളും മതദേശീയതയുയർത്തി ജനത്തെ ഭിന്നിപ്പിക്കാൻ ദത്തശ്രദ്ധരാണ്.

വി.എച്ച്.പിയുടെ അമേരിക്കൻ രൂപമായ വി.എച്ച്.പി.എ യും അതിന്റെ വിദ്യാർത്ഥി വിഭാഗമായ ഹിന്ദു സ്റ്റുഡൻസ് കൗൺസിലും 1992 ന് ശേഷം അമേരിക്കയിലെ രാഷ്ട്രീയ ലോബിയിംഗ് രംഗത്ത് സജീവമായി. പാശ്ചാത്യലോകത്ത്, പ്രത്യേകിച്ച് അമേരിക്കയിൽ, വളർന്നുകൊണ്ടിരിക്കുന്ന ഇസ്ലാമോഫോബിക് ശക്തികൾ ഇവർക്ക് വൻതോതിൽ സഹായം നൽകുകയും ചെയ്യുന്നു. 2009 ൽ ഭീകര വിരുദ്ധ സ്ക്വോഡ് അറസ്റ്റ്

ചെയ്ത കരസേനാ ഓഫീസർ കേണൽ പ്രസാദ് പുരോഹിത് ഇസ്രയേലിന്റെ മൊസാദുമായി ബന്ധപ്പെട്ടിരുന്നതായി സമ്മതിച്ചിരുന്നു. ബജ്റംഗ്ദൾ കേഡർമാരിലും നേതാക്കളിലും മൊസാദ് ആശയങ്ങളുടെ വമ്പിച്ച സ്വാധീനത്തെപ്പറ്റി ഒരു ലേഖനം തന്നെ ഇന്ത്യൻ എക്സ്പ്രസ് പ്രസിദ്ധീകരിച്ചിരുന്നു. *11*

ഇസ്രയേലിന്, സയണിസം അതിർത്തി നിശ്ചയിച്ചിട്ടില്ല. അതുപോലെ തന്നെയാണ് ഹിന്ദുത്വരും ഭാരതമാതായുടെ വിശാലമായ അർത്ഥതലം പടിഞ്ഞാറ് ഇറാൻ മുതൽ കിഴക്ക് സിംഗപ്പൂർ വരെ നീണ്ടുനിൽക്കുന്ന വിധം നിജപ്പെടുത്തിയിരിക്കുന്നു; ശ്രീലങ്ക അതിന്റെ വിശുദ്ധ പാദസ്ഥാനത്താണ്. *12*

ഇരുവരും ഭരണകൂട ഭീകരതക്കും ഭീകരാക്രമണങ്ങൾ നടത്തി നിരപരാധികളെ പ്രതിക്കൂട്ടിലാക്കാനും പ്രതിജ്ഞാബദ്ധരാണ് എന്നതിനാൽ അവരുടെ ആശയപ്രചാരണവും യോജിച്ചുവരുന്നതിൽ അത്ഭുതമില്ല.

മുസ്‌ലിംകൾക്കും സെക്കുലർ ആക്ടിവിസ്റ്റുകൾക്കുമെതിരെ വിഷം ചീറ്റിക്കൊണ്ടിരുന്ന ഹിന്ദു യൂണിറ്റി.ഓർഗ് എന്ന സംഘടന ഏതാനും നാൾ മുമ്പ് അടച്ചുപൂട്ടൽ ഭീഷണി നേരിട്ടപ്പോൾ ആ വെബ്സൈറ്റിലെ മുഴുവൻ ശേഖരങ്ങളും അറബികൾക്കെതിരെ വർഗ്ഗീയ വിദ്വേഷം മുഴക്കുന്ന തീവ്രവാദ സയണിസ്റ്റ് സംഘമായ കഹാനെ ഗ്രൂപ്പ് ഏറ്റെടുക്കുകയായിരുന്നു. കഹാനെ ഗ്രൂപ്പ് അമേരിക്കയിലും ഇസ്രയേലിലും ഭീകരപ്രവർത്തനം നടത്തുന്ന തീവ്രവാദികളാണ്. ഇസ്രയേലിലുള്ള സർവറിൽ നിന്നാണ് ഇന്ന് ഹിന്ദു യൂണിറ്റി.ഓർഗ്, കഹാനെ.ഓർഗ് എന്നിവ പ്രവർത്തിക്കുന്നത്.

സാബ്രാ-ശത്തീല കൂട്ടക്കുരുതിക്ക് (1982) ബൽജിയത്തിലും ലബനനിലും നിയമനടപടികൾ നേരിടുന്ന ഏരിയൽ ഷാരോൺ അടക്കമുള്ള ഭീകരന്മാർ അണിനിരന്ന അമേരിക്കൻ സയണിസ്റ്റ് സംഘടനയാണ് ഫ്രീമാൻ സെന്റർ. അതിലെ റിസർച്ച് അസോസിയേറ്റായ അരവിന്ദഘോഷിനെ സയണിസ്റ്റ് വെബ്സൈറ്റ് 'ഹിന്ദു ചരിത്രകാരനും പബ്ലിഷറും' എന്നാണ് പരിചയപ്പെടുത്തുന്നത്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ മുസ്‌ലിം സ്വഭാവത്തെയും അക്രമത്തെയും കുറിച്ചുള്ള പരിജ്ഞാനമുള്ളയാൾ എന്നും ഘോഷ് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു. *13*

**നയതന്ത്ര ബന്ധങ്ങളുടെ തുടക്കം**

സയണിസം വംശീയതയുടെ ഉൽപന്നമായി പിറവിയെടുത്ത പ്രത്യയശാസ്ത്രമായതുകൊണ്ട് മഹാത്മജിയും നെഹ്റുവുമടക്കമുള്ള ഇന്ത്യൻ നേതാക്കളുടെ ഭത്സനങ്ങൾക്ക് പാത്രീഭൂതമായിരുന്നു. ഈ മഹത്തായ പാരമ്പര്യത്തെ മാറ്റിക്കൊണ്ട് അനുക്രമമായി ഇന്ത്യാ-ഇസ്രയേൽ അച്ചുതണ്ട് വികസിച്ചു വന്നതാണ് പിന്നീട് നാം കാണുന്നത്. ഇതിന് സമാന്തരമായി ഇന്ത്യ - അമേരിക്ക - ഇസ്രയേൽ ബാന്ധവവും, ഇന്ത്യാ - അമേരിക്കൻ പൊളിറ്റിക്കൽ ആക്ഷൻ കമ്മിറ്റിയും, ഹിന്ദു അമേരിക്കൻ ഫൗണ്ടേഷനും വി.എച്ച്.പി.എ യും അവിശുദ്ധ ബന്ധങ്ങളിലൂടെ ത്വരിതഗമനത്തിലാണ്. ഹിന്ദുത്വ ഗ്രൂപ്പുകൾ ക്രൈസ്തവ-ജൂത സയണിസ്റ്റുകളുമായുണ്ടാക്കിയ നിഗൂഢബന്ധങ്ങളിലൂടെയും ആയുധലോബികളുമായി സഹകരിച്ചുമാണ് പ്രവർത്തിക്കുന്നത്.

'ഇസ്‌ലാമിക ഭീകരതയുടെ' ഇരകളായി സ്വയം ചമഞ്ഞുകൊണ്ടും മുസ്‌ലിം തീവ്രവാദം മുഖ്യഭീഷണിയായി ഉയർത്തിക്കാട്ടിയും രണോത്സുകമായ യുദ്ധാത്മകതക്ക് ഈ തിന്മയുടെ അച്ചുതണ്ട് ആക്കം കൂട്ടുന്നു. ഇതിന്റെ ഫലമായി ദക്ഷിണേഷ്യൻ-അറബ്-പലസ്തീൻ ജനതകളെ സംശയിക്കപ്പെടേണ്ടവരും ഭീകരതയുടെ സാധ്യതക്കാരുമായി ചിത്രീകരിച്ചുകൊണ്ട് പൊതുമണ്ഡലത്തിൽ സാംസ്കാരിക വംശീയത വ്യാപിക്കുകയാണ്. വിമാനത്താവളങ്ങളിൽ ഒരു ജനവിഭാഗം (അവരിൽ പ്രസിഡന്റുമാർ പോലും ഉൾപ്പെടും) വിവേചനത്തിനും അവഹേളനത്തിനുമിരയാവുന്നതിന്റെയും അന്യായമായി കസ്റ്റഡിയിലെടുക്കപ്പെടുന്നതിന്റെയും നിദാനമിതാണ്. നിരർത്ഥകങ്ങളായ ആരോപണങ്ങൾ പൊലിമയോടെ മുസ്‌ലിംകൾക്ക് നേരെ ചുഴറ്റിയെറിയപ്പെടുന്നു; ഇവയുടെ റിപ്പോർട്ടിംഗ് പക്ഷപാതപരമാകുമെന്നതിനാൽ സാംസ്കാരിക വംശീയതയും അപരവൽക്കരണവും തികച്ചും സ്വാഭാവികമാണെന്നും അവർ അത് അർഹിക്കുന്നുവെന്നുമുള്ള പ്രതീതി ജനിപ്പിക്കപ്പെടുന്നു. വംശീയ ശക്തികളെ കൊഴുത്തു തടിപ്പിക്കുന്ന ഈ പ്രക്രിയയിൽ പങ്കെടുക്കുന്ന ഭൂരിഭാഗവും അജ്ഞതകൊണ്ടാണിതിന് കൂട്ട് നിൽകുന്നതെന്നതാണ് ഞെട്ടിക്കുന്ന വസ്തുത. ന്യൂനാൽ ന്യൂനപക്ഷം വരുന്ന വെറുപ്പിന്റെ വൈതാളികർ അധികാരക്കസേരകളിലിരുന്നു നടത്തുന്ന ആസൂത്രണത്തിന്റെ അനുരണനങ്ങളാണ് ജനകീയ ഐക്യത്തെ തുരങ്കം വെക്കുന്നത്.

ആയുധേതരമായ ഇന്ത്യ-ഇസ്രയേൽ വ്യാപാരം 2002 ൽ 1.27 ബില്യണായിരുന്നു; തൊട്ടുമുമ്പത്തെ ദശവർഷത്തിന്റെ 6 ഇരട്ടി. ഇസ്രയേലിന്റെ ഏറ്റവും വലിയ രണ്ടാമത്തെ വ്യാവസായിക-ബന്ധ രാഷ്ട്രമാണിന്ന് ഇന്ത്യ.

ഈ ബന്ധത്തിന്റെ പ്രതിധ്വനിയെന്നോണം മുമ്പ് പലസ്തീൻ നേതാക്കൾ ദില്ലിയിൽ സ്ഥിരസാന്നിദ്ധ്യമായിരുന്നപ്പോൾ ഇന്ന് ആ സ്ഥാനം ഇസ്രയേൽ മിലിട്ടറി ഉദ്യോഗസ്ഥർക്കാണ്. കൊളോണിയൽ വിരുദ്ധ പോരാട്ടത്തിന്റെ സഹപാഠികളായിരുന്നുവല്ലോ ഇന്ത്യൻ ജനതയും പലസ്തീനികളും. സ്ഥിതി മാറിയിരിക്കുന്നു: സാമ്രാജ്യത്വ പിന്തുണയോടെ ഇസ്രയേലീ കൊളോണിയലിസ്റ്റുകൾക്ക് ഇന്ത്യ പിന്തുണനൽകുകയാണ്. ഗാന്ധിജിയുടെയും നെഹ്റുവിന്റെയും മഹത്തായ പാരമ്പര്യങ്ങൾക്കെതിരായ നീക്കമാണെന്നറിയാത്ത കളക്ടീവ് അംനേഷ്യയിൽ യു.പി.എ ഭരണകൂടം എത്തപ്പെട്ടതെങ്ങനെയാണ്?

ഇംഗ്ലണ്ട് ഇംഗ്ലീഷുകാർക്കെന്നതുപോലെ പലസ്തീൻ അറബികളുടേതാണെന്നാണ് ഗാന്ധിജി പ്രഖ്യാപിച്ചിരുന്നത്. *14* എന്നാൽ 2001 ന് ശേഷം ഇന്ത്യയും ഇസ്രയേലും 'ഇസ്‌ലാമിക തീവ്രവാദ'ത്തിനെതിരായ പോരാട്ടത്തിലാണ്. 2009 ലെ ഇസ്രയേൽ വിദേശ മന്ത്രിയുടെ സർവ്വേയനുസരിച്ച് ലോകത്ത് അമേരിക്ക കഴിഞ്ഞാൽ

ഏറ്റവും ശക്തനായ ഇസ്രയേലനുകൂല രാഷ്ട്രമായി ഇന്ത്യ മാറിക്കഴിഞ്ഞു.

1949 ൽ ഇസ്രയേലിന് യു.എൻ അംഗത്വം നൽകുന്നതിനെതിരെ ഇന്ത്യ വോട്ട് ചെയ്തിരുന്നു. 1975 ൽ സയണിസത്തെ വംശിയതയോടുപമിക്കുന്ന 3379 -ാം നമ്പർ പ്രമേയത്തിനനുകൂലമായും ഇന്ത്യ വോട്ട് ചെയ്തു.

1988 ൽ പലസ്തീൻ രാഷ്ട്രത്തിന് അംഗീകാരം നൽകിക്കൊണ്ട് എംബസി ന്യൂദൽഹിയിൽ തുടങ്ങാൻ ഇന്ത്യ അനുമതി കൊടുത്തു. രാഷ്ട്രീയ നിരീക്ഷകൻ വിജയ പ്രസാദ് ചൂണ്ടിക്കാട്ടിയ പോലെ, ഇന്തോ അറബ് ബാന്ധവത്തിന്റെ വസന്തകാലമായിരുന്നു 1947 മുതൽ 1988 വരെ.*15*

ഇന്ന് ഇസ്രയേൽ കയറ്റുമതി ചെയ്യുന്നതിന്റെ പകുതി ആയുധങ്ങളും ഇന്ത്യയാണ് വാങ്ങിക്കൂട്ടുന്നത്. *16* ഇന്ത്യയുടെ 'റോ' എന്ന രഹസ്യാന്വേഷണ സംഘടന മൊസാദുമായി സഹകരിച്ചുകൊണ്ട് 'ഇസ്ലാമിക ഭീകരത'യെ നേരിടുകയാണിന്ന്.*17* മുസ്ലിം വംശീയോന്മൂലനം ലക്ഷ്യമാക്കുന്ന ഹിന്ദുത്വർക്കും സയണിസ്റ്റുകൾക്കും ലഭിച്ച മേധാവിത്തമാണ് ഈ ബാന്ധവത്തെ ഊട്ടിയുറപ്പിക്കുന്നത്. *18*

1950 സെപ്തംമ്പർ 17 ഇന്ത്യൻ ഭരണകൂടം ഇസ്രയേൽ രാഷ്ട്രത്തെ അംഗീകരിക്കാൻ തയ്യാറായതിന് പിന്നിൽ ബ്യൂറോക്രാറ്റിക് ഹിന്ദുത്വയുടെ ശക്തമായ കരങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. 1977 ൽ ജനതാ ഭരണകാലത്ത് എൽ.കെ.അദ്വാനി വിദേശകാര്യ മന്ത്രിയായിരുന്നപ്പോൾ അന്നത്തെ ഇസ്രയേൽ വിദേശകാര്യ മന്ത്രി മോഷെ ദയാൻ രഹസ്യമായി ഇന്ത്യ സന്ദർശിച്ചിരുന്നു.

ചേരിചേരാ നയം, സമാധാനപരമായ സഹവർത്തിത്വം, യുദ്ധ-ആണവ വിരുദ്ധത, ആത്മാർത്ഥമായ ദാരിദ്ര്യ നിർമാർജ്ജന യത്നം എന്നിവയിൽ നിന്ന് 1990 കളുടെ തുടക്കം മുതൽ ഇന്ത്യാ ഗവർമ്മെണ്ട് പിന്നോട്ടടിച്ചു തുടങ്ങിയിരുന്നു. 1991 ൽ തന്നെ ഇറാഖിനെ ആക്രമിക്കാനുള്ള യു.എസ് യുദ്ധ വിമാനങ്ങൾക്ക് മുംബൈയിൽ നിന്ന് ഇന്ധനം നിറക്കാൻ അനുവദിച്ചിരുന്നു. എന്നാൽ 1970 കൾ മുതൽ റോയും മൊസാദും തമ്മിൽ ഇൻഫർമേഷൻ കൈമാറ്റം ആരംഭിച്ചതായി സൂചനകളുണ്ട്. ഇന്ത്യയുടെ ആയുധ മാർക്കറ്റിൽ നിന്ന് സോവ്യറ്റ് യൂണിയന്റെ നിഷ്ക്രമണം സയണിസ്റ്റുകളും ഹിന്ദുത്വരും ഫലപ്രദമായുപയോഗിക്കുകയായിരുന്നു.

1992 ജനുവരിയിലാണ് ഹിന്ദുത്വ പക്ഷപാതിയായ പി.വി. നരസിംഹറാവു ഇസ്രയേലുമായി പൂർണ നയതന്ത്രബന്ധം സ്ഥാപിച്ചത്; പിന്നീട് വന്ന ബി.ജെ.പി ഭരണകൂടം ഈ ബന്ധത്തെ ദൃഢപ്പെടുത്തുകയും ചെയ്തു. 'ഇസ്ലാം ഭീതി' ശക്തമായുയർത്തിയാണ് ആയുധലോബി വർഗ്ഗീയ ഫാഷിസ്റ്റുകളുമായിച്ചേർന്ന് ഇസ്രയേലി ആയുധങ്ങൾ വാങ്ങിക്കൂട്ടുന്നത്. 1997 ലെ ബി.ജെ.പി ഭരണകൂടമാണ് ഇസ്രയേലിന്റെ മുഖ്യ ഉപഭോക്താവായി ഇന്ത്യയെ പരിവർത്തിപ്പിച്ചത്. *19*

2003 സെപ്തമ്പറിൽ ഏരിയൽ ഷാറോൺ, ബി.ജെ.പി ഭരണകൂടത്തിന്റെ അതിഥിയായി ഇന്ത്യയിലെത്തുകയും ഹിന്ദുത്വരും ഷാരോണിസവും യു. എസ് സാമ്രാജ്യത്വത്തിന്റെ നിഴലിൽ സന്ധിക്കുകയും ചെയ്തു.*20* ദശകങ്ങളായി മുംബൈയിൽ നിലനിന്ന ഇമിഗ്രേഷൻ ഓഫീസ് എന്ന കേവല ഇസ്രയേൽ ബാന്ധവം സംഘ് ഭരണമേറ്റതോടെ രൂഢമൂലമായി.

**ഭാരതത്തിന്റെ വൈവിധ്യമാർന്ന സാംസ്കാരിക പാരമ്പര്യങ്ങളെയും അവയുടെ സങ്കീർണതകളെയും ഉൾക്കൊള്ളാൻ വിസമ്മതിക്കുന്നതും ബ്രാഹ്മണ്യ സംസ്കാരികക്കോയ്മ അടിച്ചേൽപിക്കാൻ ഇച്ഛിക്കുന്നതുമായ ദർശനമാണ് ഹിന്ദുത്വ. ബ്രാഹ്മണാധിപത്യത്തിലുള്ളതും ഹൈന്ദവ സമുഹത്തിന്റെ ശ്രേണീകൃത വ്യവസ്ഥ നിലനിർത്തുന്നതും ന്യൂനപക്ഷങ്ങൾക്ക് മേൽ ആധിപത്യം പുലർത്തുന്നതും തുല്യപൗരത്വമില്ലാത്തതുമായ ഒരു വലതുപക്ഷരാഷ്ട്രീയ വ്യവസ്ഥ കെട്ടിപ്പടുക്കാനാണ് അവർ ലക്ഷ്യമിടുന്നത്. ഹൈന്ദവ മതത്തിന്റെ ബാഹ്യചിഹ്നങ്ങൾ മാത്രം സ്വാംശികരിച്ച് അത് അധികാരത്തിന്റെയും വെറുപ്പിന്റെയും ഉപകരണമാക്കുകയാണ് ഹിന്ദുത്വയുടെ തന്ത്രപരമായ സമീപനം.**

### സവർക്കർ: ഹിന്ദുത്വ സയണിസത്തിന്റെ ആൾ രൂപം

2003 ഫെബ്രുവരി 26 ന് പാർലമെന്റ് ഹാളിൽ ദാമോദർ സവർക്കരുടെ ചിത്രം അന്നത്തെ പ്രസിഡന്റ് എ.പി.ജെ അബ്ദുൽ കലാം അനാഛാദനം ചെയ്തു. അതിന് ഏതാണ്ട് 10 മാസം മുമ്പ് 2002 മെയ് 4 ന് ഉപപ്രധാനമന്ത്രി എൽ.കെ. അദ്വാനി ആൻഡമാനിലെ പോർട്ട് ബ്ലെയർ വിമാനത്താവളത്തിന് വീർ സവർക്കർ എന്ന് നാമകരണം ചെയ്തിരുന്നു. ഗാന്ധി വധക്കേസിലെ പ്രതിയെയാണ് ഈ വിധം ആദരിച്ചത് എന്നോർക്കണം.

സയണിസ്റ്റ് പ്രസ്ഥാന സ്ഥാപകൻ തിയഡോർ ഹെർസലിനെപോലെ ഒരു സ്വയം പ്രഖ്യാപിത അജ്ഞേയവാദിയോ നിരീശ്വരവാദിയോ ആയിരുന്നു സവർക്കർ.*21* ഹിന്ദു എന്നത് മതപരമായിട്ടല്ല സാംസ്കാരികവും രാഷ്ട്രീയവുമായ ഒരു സ്വത്വബോധമായിട്ടാണ് സവർക്കർ കരുതിയിരുന്നത്. ജൂതമതത്തെ ഈ വിധം തന്നെയാണ് ഹെർസലും സങ്കൽപിച്ചത്.

മുസ്ലിംകളും ക്രിസ്ത്യാനികളും മക്കയേയും ജറുശലമിനേയും പിതൃ-പുണ്യ ഭൂമികളായി കരുതുന്നതിനാൽ അവരെ അഭാരതീയരും അപരന്മാരുമാക്കുകയാണ് സവർക്കർ. പാഴ്സികളെയും കമ്മ്യൂണിസ്റ്റുകളെയും കൂടി ഈ വിധം അയാൾ അപരവൽക്കരിക്കുന്നുണ്ട്.

സവർക്കർ (1883-1966) തന്റെ ആദ്യകാലത്ത് ഹിന്ദു-മുസ്ലിം ഐക്യത്തിന്റെ വക്താവും സ്വാതന്ത്ര്യസമര പോരാളിയും തന്നെയായിരുന്നു. 1909 ലാണ് 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് അയാൾ ഗ്രന്ഥരചന നടത്തിയത്.*22* പിന്നീടയാൾ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ പിണിയാളും ഏജന്റുമായി മാറി. ഇക്കാര്യം പലരും പലപ്പോഴും മറച്ചുവെക്കുകയാണ്. ബ്രിട്ടീഷ്

ദാസ്യത്തിന്റേയും കൊളോണിയൽ വിധേയത്വത്തിന്റെതുമായ ഈ നാളുകളിലാണ് സവർക്കർ ഹിന്ദുത്വ എന്ന ഫാഷിസ്റ്റാശയത്തിന് രൂപകൽപന നടത്തിയത് എന്ന് ചരിത്ര വിദ്യാർത്ഥികൾക്കറിയാം.

1910 ൽ ആൻഡമാനിലെ ജയിലിലടക്കപ്പെട്ട സവർക്കർ 1911 ലും 1913 ലും ബ്രിട്ടീഷ് ഭരണകൂടത്തിന് മാപ്പപേക്ഷ നൽകി. 1913 നവമ്പർ 14 ന് സർ നെജിനാൾഡ് ക്രസോക്കിന് സമർപ്പിച്ച കത്തിൽ അദ്ദേഹം പറഞ്ഞു:

'ഭരണകൂടം അതിന്റെ കാരുണ്യാതിരേകത്താൽ എനിക്ക് മാപ്പ് നൽകി എന്നെ മോചിപ്പിച്ചാൽ ഇംഗ്ലീഷ് ഗവർമ്മെണ്ടിന്റെ വിശ്വസ്ത സേവകനായി ഞാൻ വർത്തിച്ചുകൊള്ളാം.... മാത്രമല്ല നിയമാനുസൃത വൃത്തിയിലേക്കുള്ള എന്റെ മാറ്റം എന്നെ നേതാവായി കരുതുന്ന വഴിതെറ്റിയ പലരുടെയും മാറ്റത്തിന് പ്രേരണയായേക്കാം. ശക്തനുമാത്രമാണ് കരുണചെയ്യാനാവുക; അതിനാൽ വഴിപിഴച്ച ഈ പുത്രനെ ഗവമ്മെണ്ടിന്റെ ശരിയുടെ വാതായനത്തിലേക്ക് പ്രവേശിക്കാൻ അനുവദിക്കുമാറാകണം.'*23*

1938 ആഗസ്റ്റിൽ പൂനയിൽ 20000 ത്തോളം വരുന്ന സദസ്സിനെ അഭിമുഖീകരിച്ചുകൊണ്ട് ജർമ്മനിക്ക് നാസിസവും ഇറ്റലിക്ക് ഫാഷിസവും നടപ്പാക്കാനുള്ള അവകാശവും അർഹതയുമുണ്ടെന്ന് സവർക്കർ പ്രഖ്യാപിച്ചു.*24*



*നാനാജി ദേശ്മുഖ്*



*കേണൽ പ്രസാദ് പുരോഹിത്*



*ഏരിയൽ ഷരോൺ*

1939 ഒക്ടോബറിൽ ലോർഡ് ലിൻലിൻഗോയുമായുള്ള കൂടിക്കാഴ്ചയിൽ ഹിന്ദുമഹാസഭക്ക് ഭാരതത്തിന് ബ്രിട്ടന് കീഴിലുള്ള പുത്രികാ പദവി മാത്രമേ ലക്ഷ്യമുള്ളൂവെന്നും ബ്രിട്ടനുമായി പൂർണ സഹകരണത്തിന് സന്നദ്ധമാണെന്നും സവർക്കർ വ്യക്തമാക്കി. ഇതിന്റെ പ്രായോഗിക ക്രമമായി 1942 ലെ ക്വിറ്റ് ഇന്ത്യാ സമരത്തിനെതിരെ അയാൾ രംഗത്തുവന്നു. ഇംഗ്ലീഷ് ഗവൺമെന്റിൽ ഔദ്യോഗിക പദവി വഹിക്കുന്ന ഹിന്ദുക്കൾ സമരപാത കയ്യൊഴിച്ച് ഉത്തരവാദിത്ത നിർവ്വഹണം നടത്താൻ സവർക്കർ ആവശ്യപ്പെട്ടു.*25*

മെക്കയെ പുണ്യഭൂമിയായി പരിഗണിക്കുന്ന മുസ്‌ലിമിന് മാതൃഭൂമിയോട് കൂറുണ്ടാവില്ലെന്നും*26* ഭാരതത്തെ പിതൃ-പുണ്യഭൂമിയായി പരിഗണിക്കുന്നവനേ ഹിന്ദു എന്ന നിർവ്വചനത്തിൽ വരികയുള്ളൂവെന്നും സവർക്കർ വാദിച്ചു.*27* ദ്വിരാഷ്ട്രവാദത്തെ തുറന്നു ന്യായീകരിച്ച സവർക്കർ ഹിന്ദുക്കൾ സ്വയം ഒരു രാഷ്ട്രമാണെന്നും ചരിത്രപരമായ കാരണങ്ങളാൽ ഹിന്ദുക്കളും മുസ്‌ലിംകളും രണ്ട് രാഷ്ട്രങ്ങളാണെന്നും തീർത്തു പറഞ്ഞു.*28*

സവർക്കറുടെ ബ്രിട്ടീഷനുകൂല മാറ്റത്തെക്കുറിച്ചറിഞ്ഞ മഹാത്മജി 'യംഗ് ഇന്ത്യ' യിലെഴുതി:

'സവർക്കർ സഹോദരങ്ങൾ ബ്രിട്ടീഷുകാരിൽ നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിക്കാനാഗ്രഹിക്കുന്നില്ലെന്ന് അവിതർക്കിതമായി പ്രഖ്യാപിച്ചിരിക്കുന്നു; അതിന് പകരം ഇന്ത്യയുടെ വിധി ബ്രിട്ടനുമായി ചേർന്ന് നിർണയിക്കാമെന്നാണവർ കരുതുന്നത്.*29*

മറ്റു മതങ്ങളിലേക്ക് മതപരിവർത്തനം നടത്തിയവരെ 'ശുദ്ധി' നടത്തി തിരികെ ഹിന്ദുമതത്തിലെത്തിക്കുന്നതിനെ തുറന്നു പിന്തുണക്കാൻ വരെ ആൻഡമാനിൽവെച്ച് സവർക്കർ തയ്യാറായി.*30*

രത്നഗിരിയിൽ വെച്ചാണ് 1923 ൽ സവർക്കർ 'ഹിന്ദുത്വ' എന്ന കൃതി രചിച്ചത്. ഹിന്ദുസമുദായത്തിന്റെ സാമൂഹിക ഐക്യവും രാജ്യസ്നേഹവും ഊന്നിപ്പറഞ്ഞുകൊണ്ട് അദ്ദേഹം ജൈന-സിഖ്-ബുദ്ധ മതങ്ങളെ ഭാരതീയ ഉൽപത്തിയുള്ളതിനാൽ ഹിന്ദുമതവുമായി കൂട്ടിച്ചേർക്കുന്നു: 'ചരിത്രാരംഭം മുതൽ ഇന്ത്യയിൽ വേരുറപ്പിച്ച ആര്യന്മാർ ഹിന്ദുക്കളായി ഇന്ന് മാറിയിരിക്കന്നു'.*31*

'ഹിന്ദുത്വ' എന്ന കൃതി വായിച്ചാണ് സംഘ് സ്ഥാപകൻ കെ.ബി. ഹെഡ്ഗെവാർ സവർക്കറുമായി ബന്ധപ്പെടുന്നതും 1925 ൽ ആർ.എസ്.എസ് സ്ഥാപിക്കുന്നതും. സാംസ്കാരിക ദേശീയതയുടെ അടിസ്ഥാനം ഏതെങ്കിലും സംസ്കാരത്തെ തെരഞ്ഞെടുത്ത് അത് ദേശീയമാക്കുമെങ്കിൽ സ്വാഭാവികമായും സവർണ ഹിന്ദു സംസ്കാരമാകും അത് എന്നതിൽ ബ്രാഹ്മണരായ ഇരുവർക്കും ആഹ്ലാദം പകർന്നു.

1947 ഡിസംബർ 19 ന് ഇറക്കിയ പ്രസ്താവനയിൽ സവർക്കർ ജൂതർക്ക് സ്വതന്ത്രമായ ഒരു രാഷ്ട്രം

രൂപീകരിക്കാനാകുമെന്നതിൽ ആമോദം പ്രകടിപ്പിച്ചു കൊണ്ട് മുഴുവൻ പലസ്തീനും ജൂതർക്കാകുമ്പോൾ സയണിസ്റ്റ് ലക്ഷ്യം പൂർണമാകുമെന്ന് പ്രഖ്യാപിച്ചു. ജൂത രാഷ്ട്ര നിർമ്മിതിക്കെതിരായ ഭാരതത്തിന്റെ വോട്ട് മുസ്‌ലിം പ്രീണനമാണെന്നും സവർക്കർ ആക്ഷേപിച്ചു.*32*

നാസി ഫാഷിസങ്ങളോടും സയണിസത്തോടും ഒരേപോലെ ആഭിമുഖ്യം പ്രകടിപ്പിച്ച സവർക്കറുടെ വീക്ഷണത്തിൽ വൈരുദ്ധ്യം ദർശിക്കുന്നവർക്ക് യഥാർത്ഥത്തിൽ വംശീയവാദത്തിന്റെ സ്വഭാവമറിയില്ല. ഇസ്രയേലിനെ ജൂതരുടെ ഏക അഭയകേന്ദ്രമാക്കുന്നതിന് ഹിറ്റ്ലറുടെ ജൂതനിഗ്രഹത്തെ പിന്തുണച്ചവരാണ് സയണിസ്റ്റുകൾ. ദലിത്-പിന്നാക്ക ജനതയെ ബലികൊടുത്തു കൊണ്ട് വർഗ്ഗീയ സംഘർഷമുണ്ടാക്കുന്നതിൽ ഹിന്ദുത്വർ ഒരിക്കലും മടിച്ചിട്ടില്ല. ജൂതരെയോ ഹിന്ദുക്കളെയോ ആത്മാർത്ഥമായി സ്നേഹിക്കുന്നവരോ സേവിക്കുന്നവരോ അല്ല സയണിസ്റ്റുകളും ഹിന്ദുത്വരും.

1908 ൽ തന്നെ ജൂതരുടെ ജന്മഗേഹമായ ഇസ്രയേൽ എന്ന ആശയം സവർക്കറിൽ അങ്കുരിച്ചിരുന്നു.*33* ഈ ആശയം മനസ്സിൽ ശക്തിപ്പെട്ടതോടെ മുസ്‌ലിം അപരവൽക്കരണവും ആരംഭിച്ചു.

തന്റെ 'ഹിന്ദുത്വ' എന്ന കൃതിയിൽ സവർക്കർ കുറിച്ചു: "സയണിസ്റ്റുകളുടെ സ്വപ്നം ഫലപ്രാപ്തിയിലെത്തിയാൽ പലസ്തീൻ ഒരു ജൂതരാഷ്ട്രമാകും; അത് നമ്മുടെ ജൂത സുഹൃത്തുകളെപ്പോലെ നമ്മെയും ആഹ്ലാദിപ്പിക്കും."*34*

1948 ൽ ഇസ്രയേൽ രൂപീകൃതമായപ്പോൾ സവർക്കർ മൊഴിഞ്ഞു:

'വൻകിട രാഷ്ട്രങ്ങളിൽ ഭൂരിഭാഗവും ജൂതജനതക്ക് പലസ്തീനിൽ സ്വന്തമായി ഒരു ജൂതരാഷ്ട്രം നിർമ്മിക്കാനുള്ള അവകാശം വകവെച്ചു കൊടുത്തതിലും അതിനാൽ ആയുധസഹായം നൽകിയതിലും ഞാൻ സന്തുഷ്ടനാണ്.'*35*

ഇസ്രയേലുമായി സഹകരിക്കാത്ത നെഹ്റുവിനെ കടുത്ത ഭാഷയിൽ വിമർശിച്ചുകൊണ്ട് സവർക്കർ മുന്നറിയിപ്പ് നൽകി: "ഒരു ഇന്തോ-പാക് യുദ്ധമുണ്ടായാൽ മിക്കവാറും എല്ലാ മുസ് ലിംകളും നമുക്കെതിരെ പാകിസ്താനോട് അണിചേരും; അവരുടെ ശത്രുവായ ഇസ്രയേൽ മാത്രമാകും അന്ന് നമ്മുടെ മിത്രം."*36*

സയണിസ്റ്റ് ഭാഷ്യം ശക്തമായി ഉദ്ഘോഷിച്ചു കൊണ്ട് സവർക്കർ ഓർമിപ്പിച്ചു: 'മുസ്‌ലിം പ്രവാചകൻ ജനിക്കുന്നതിന് രണ്ട് സഹസ്രാബ്ദം മുമ്പെങ്കിലും പലസ്തീൻ, ജൂതഗേഹമായിരുന്നു.'*37*

## ചരിത്രഭാഷ്യത്തിലെ സാധർമ്മ്യം

അബ്രഹാമിന്റെ സന്തതിപരമ്പരകൾക്ക് പതിച്ചു നൽകിയ ഭൂമിയാണ് പലസ്തീൻ. എന്നിരുന്നാൽപ്പോലും ഇസ്രയേലിൽ ഇന്ന് പാർക്കുന്ന ജൂതരുടെ ഭൂരിപക്ഷം വരുന്ന യറോപ്യൻ ജൂതർക്കത് അവകാശപ്പെടാനാവില്ല. ഉക്രെയ്നിലും റഷ്യയിലും പരന്നുകിടന്നിരുന്ന ഖസാരിയയായിരുന്നു യൂറോപ്യൻ ജൂതരുടെ ഉൽപത്തികേന്ദ്രം; അവർ 8-ാം നൂറ്റാണ്ടിൽ ജൂതമതത്തിലേക്ക് പരിവർത്തിതരായവരാണ്. എല്ലാ തെളിവുകളേയും മാറ്റിവെച്ചുകൊണ്ട് നൂറ്റാണ്ടുകളായി പാർത്ത് കൊണ്ടിരുന്ന തദ്ദേശീയരായ പലസ്തീൻകാർക്ക് ചരിത്രമേയില്ല എന്ന വംശീയ വീക്ഷണമാണ് സയണിസത്തിനുള്ളത്. എന്നാൽ പല ഇസ്രയേലി ചരിത്ര-പുരാ വിജ്ഞാനീയ വിദഗ്ധരും 'പുരാതന ഇസ്രയേൽ' മിത്താണെന്ന് തെളിയിക്കുന്ന പഠനങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.*38*

പലസ്തീനികളുടെ ചരിത്രവും സംസ്കാരവും മറച്ചുവെച്ചുകൊണ്ട് അവരെ പിന്നാക്ക മനസ്ഥിതിക്കാരും അയുക്തികരും മതാന്ധരും അക്രമോത്സുകരും വിശ്വസിക്കാൻ കൊള്ളാത്തവരുമായി സയണിസം അടയാളപ്പെടുത്തുന്നു.

ഹിബ്രു ബൈബിളിന്റെ (പഴയ നിയമം) ജൂത-ക്രൈസ്തവ ഫണ്ടമെന്റലിസ്റ്റ് വീക്ഷണത്തിലുള്ള പ്രാക്തന ചരിത്ര വ്യാപനത്തെ ന്യായീകരിക്കുന്ന ഒട്ടനവധി കോഴ്സുകൾ അമേരിക്കയിലും ഇസ്രയേലിലും യുറോപ്പിലും നൽകപ്പെടുമ്പോൾ ചരിത്രം എന്ന വിഷയത്തിന് കീഴിൽ മതേതരമായി പ്രാചീന ഇസ്രയേൽ എന്ന ആശയത്തെക്കുറിച്ച കോഴ്സുകൾ കുറവാണ്. പുരാവസ്തു കേന്ദ്രങ്ങൾക്ക് ബൈബിൾപരമായ നാമങ്ങൾ നൽകിക്കൊണ്ട് പലസ്തീൻ എന്ന നൂറ്റാണ്ടുകളായി നിലനിന്ന യാഥാർത്ഥ്യത്തെ പിഴുതുമാറ്റുകയാണ്.

സമാനമായ ചരിത്ര വക്രീകരണങ്ങൾ തന്നെയാണ് ഹിന്ദുത്വയുടെ തുരുപ്പുശീട്ടും. 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തെ തുടർന്ന് മുഗൾപാരമ്പര്യത്തിന്റെ ശക്തികളെ തുടച്ചു നീക്കാനുള്ള പദ്ധതിയുടെ ഭാഗമായി മുസ്‌ലിംകൾക്ക് സൈന്യത്തിൽ നിന്ന് നിരോധമേർപ്പെടുത്തുകയും മേൽജാതി ഹിന്ദുവിഭാഗത്തെ ബ്രിട്ടൻ പ്രീണിപ്പിക്കുകയും ചെയ്തു.

മാത്രമല്ല, ഭിന്നിപ്പിച്ചു ഭരിക്കുക എന്ന നയത്തിന്റെ ഭാഗമായി ഹിന്ദു-മുസ്‌ലിം സാമുദായിക ദേശീയവാദികളെ വളർത്തിയെടുത്തുകൊണ്ട് ബ്രിട്ടീഷ് സാമ്രാജ്യത്വ ദിരാഷ്ട്രവാദത്തിനടിത്തറപാകുകയും ഇന്ത്യാ വിഭജനത്തിന് പിന്നിൽ ആസുത്രിതമായി യത്നിക്കുകയും ചെയ്തു.

മുസ്‌ലിം നാമധാരികളായ രാജാക്കന്മാരുടെയും സുൽത്താന്മാരുടെയും ചെയ്തികളെ ഇസ്‌ലാമുമായി ബന്ധപ്പെടുത്തി മുസ്‌ലികളെ പ്രതിക്കൂട്ടിൽ നിർത്തി അവരോട് പ്രതികാരദാഹം വളർത്തുകയാണ് ഹിന്ദുത്വ ചരിത്രഭാഷ്യത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഓറിയന്റലിസ്റ്റ് ചരിത്രകാരന്മാർ അവലംബിച്ച രീതിശാസ്ത്രവും ഇതു തന്നെയാണ്. ഹിന്ദുത്വയുടേത് കൊളോണിയൽ ഓറിയന്റൽ ചരിത്ര സംവേദനത്തിന്റെ തനിയാവർത്തനമാണ് എന്ന് ഇത് തെളിയിക്കുന്നു. കോളനിയധികാരികളുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾ ഏറ്റെടുത്ത നവ കൊളോണിയൽ ശക്തികളാണ് ഹിന്ദുത്വയുടെ പിറകിലുള്ളത്.

1983 ൽ ബ്രിട്ടീഷ് ചരിത്രകാരൻ ജയിംസ് മിൽ ആണ് ഹിന്ദു ഘട്ടം, മുസ്‌ലിം ഘട്ടം, ബ്രിട്ടീഷ് ഘട്ടം എന്നിങ്ങനെ ചരിത്രത്തെ വിഭജിച്ചത്. ഇതേ പരിപ്രേക്ഷ്യ

ത്തിൽ നിന്നാണ് ഹിന്ദുത്വ വൈതാളികർ ചരിത്രത്തെ വീക്ഷിക്കുന്നത്. പ്രാചീനം, മധ്യകാലം, ആധുനികം എന്നിങ്ങനെയാണ് യഥാർത്ഥത്തിൽ ചരിത്രത്തെ വേർതിരിക്കേണ്ടിയിരുന്നത്. ഭിന്നിപ്പിച്ചു ഭരിക്കാനായി ഇന്ത്യാചരിത്രത്തെ മഹിതമായ ഹിന്ദുഭൂതകാലം, ക്രൂരതകൾ നിറഞ്ഞ മുസ്‌ലിം കാലഘട്ടം, ബ്രിട്ടീഷ് കാലഘട്ടം എന്നിങ്ങനെ വിഭജിച്ചതിനെ പിന്തുണച്ചത് ഹിന്ദുത്വരുടെ സാമ്രാജ്യത്വ ദാസ്യത്തിന് ശക്തമായ തെളിവ് നൽകുന്നുണ്ട്.

ഏകശിലാഖണ്ഡമായ മുസ്‌ലിംകളോ ഹിന്ദുക്കളോ ഇന്ത്യയിലില്ല. ഭൂരിപക്ഷം മുസ്‌ലിംകളും ഹിന്ദുക്കളിൽ നിന്ന് മതം മാറിയവരാണ്. മുസ്‌ലിം പാരമ്പര്യത്തിൽ ഹിന്ദുക്കൾക്ക് പുറമെ അറബികളും തുർക്കികളും അഫ്ഗാനികളും മംഗോളിയരും ഒക്കെ വരുന്നുണ്ട്.

വൈദിക-ബുദ്ധ-ജൈന-ശാക്ത-താന്ത്രിക-ലിംഗായത്ത് വിഭാഗങ്ങളെയൊക്കെ ഒരുമിച്ച് ഹിന്ദുക്കളായി വർഗ്ഗീകരിക്കുന്നതിൽ അസാംഗത്യമുണ്ടെന്ന് സവർക്കർക്ക് അറിയാതെയാവില്ല. മതാത്മകമായ ഹൈന്ദവ-മുസ്‌ലിം ദേശീയതകൾ ആളിപ്പടർത്താൻ സവർക്കർക്ക് ബ്രിട്ടീഷ് ഒത്താശയുണ്ടായിരുന്നു.

ക്രി.മു 6-ാം നൂറ്റാണ്ട് മുതൽ ക്രിസ്ത്വബ്ദം 10-ാം നൂറ്റാണ്ട് വരെ ഇന്ത്യയിൽ ബുദ്ധിസ്റ്റ് ആധിപത്യമായിരുന്നു. 8-ാം നൂറ്റാണ്ട് മുതൽ 10-ാം നൂറ്റാണ്ട് വരെ ശക്തമായ ബ്രാഹ്മണ പുനരുത്ഥാനം ദർശിക്കാം. തൽഫലമായി ബൗദ്ധ-ജൈന നരഹത്യയും ഇന്ത്യയിൽ വ്യാപകമായി. ബുദ്ധിസം ഹിന്ദുമതത്തിന്റെ ഭാഗമാണെന്ന വാദം ചരിത്രപരമായി അന്ത:സാരശൂന്യമാണ്.

പോലും ഹൂണന്മാരുടെ ചിറകിലേറിവന്ന മധ്യേഷ്യയിലെ ഗുർജാറുകളുടെ പാരമ്പര്യമുള്ളവരാണ്. മിക്ക രജപുത്തന്മാരും 4-ാം നൂറ്റാണ്ടിലെ ഗുപ്ത സാമ്രാജ്യത്തിൽ അധിനിവേശം നടത്തിയ ഹൂണന്മാരുടെ പരമ്പരയിൽ നിന്ന് വരുന്നവരാണ്.

ഏതാണ്ട് മൂന്നര സഹസ്രാബ്ദങ്ങൾക്ക് മുമ്പ് ഖവാരിസ്മിൽ നിന്ന് അധിനിവേശം നടത്തിയെത്തിയവരാണ് വൈദികർ. മറ്റ് ചില വിഭാഗങ്ങൾക്ക് വൈദികമുദ്ര നൽകുന്നവർ ഇക്കാര്യം അവഗണിക്കുകയാണ്.

അഫ്ഗാനിലെ ഹെൽമാന്റ് നദിയാണ് പ്രാചീന പേർഷ്യൻ രേഖകളിൽ ഹർക്കാവതെന്നും ഇന്ത്യൻ മിത്തുകളിൽ സരസ്വതി നദിയെന്നും അറിയപ്പെടുന്നത്. പുരാതന വൈദികരുടെ വൈദേശികത്വം തന്നെയാണിതും സൂചിപ്പിക്കുന്നത്. മുല്ല ഉമറും പ്രവീൺ തൊഗാഡിയയും ഒരൊറ്റ പൂർവ്വികനിൽ നിന്നുള്ളവരാകാനുള്ള രസകരമായ സാധ്യതയും ഇത് നൽകുന്നു.


ഹിന്ദുത്വർക്ക് പ്രാചീനമാർന്നതും മഹത്തരവുമായ എന്തും ഹൈന്ദവമായേ പറ്റൂ; ദുഷിച്ചതും അനഭികാമ്യവുമായ എന്തും വൈദേശികവും. രാമക്ഷേത്രവുമായി ബന്ധപ്പെട്ട് വികസിച്ച കർസേവക് ആർക്കിയോളജിയും സോളമൻ ചക്രവർത്തിയുടെ ക്ഷേത്രത്തെ പരതുന്ന സയണിസ്റ്റ് അന്വേഷണവും മറ്റൊരു ജനതയെ അപരന്മാരും ശത്രുക്കളുമാക്കി മാറ്റാൻ ലക്ഷ്യമിട്ടാണ് മുന്നേറുന്നത്. ഭരണകൂടശക്തിയുപയോഗിച്ച് അപരമാക്കപ്പെട്ട ജനതതികളെ അടിച്ചമർത്താനുള്ള സാമൂഹിക എഞ്ചിനിയറിങ്ങ് ഹിന്ദുത്വരേയും സയണിസ്റ്റുകളെയും ഒരേപോലെ പ്രചോദിപ്പിക്കുന്നു.



*ഡിക് ചെനി*



*റാംസ് ഫെൽഡ്*



*ജോർജ് ബുഷ് സീനിയർ*

ദലിത്-പിന്നാക്ക ജനതയുടെ സാന്നിദ്ധ്യത്തെ അദൃശ്യമാക്കിയാണ് ഹിന്ദുത്വരും കൊളോണിയലിസ്റ്റുകളും പ്രാചീന ഇന്ത്യ നിർമ്മിച്ചെടുക്കുന്നത്. മഹത്തായ പ്രാക്തന ഇന്ത്യൻ സംസ്കൃതി തകർത്ത വില്ലന്മാരായി മുസ്‌ലിംകൾ ഈ വിധം ചിത്രീകരിക്കപ്പെടുന്നു.

സൈന്ധവ നാഗരികതയെ വൈദികമായി പരാവർത്തനം ചെയ്യുന്നതും ഹിന്ദുത്വ പ്രത്യയശാസ്ത്രപദ്ധതിയുടെ താൽപര്യപ്രകാരമാണ്. ഗുജറാത്തി ഹിന്ദുക്കൾ

അദ്വാനിയുടെ രഥയാത്ര 1991 ൽ ഒരു ജനതയുടെ ചോരപ്പുഴയൊഴുക്കിയപ്പോൾ അൽ-അഖ്സാ മസ്ജിദ് ജൂതദേവാലയമാക്കാനുള്ള പദ്ധതി 2000 സപ്തമ്പറിൽ പ്രഖ്യാപിച്ചാണ് ഷാറോൺ രക്തച്ചൊരിച്ചിലുണ്ടാക്കിയത്. ഇരുകൂട്ടരും വംശീയ മേൽക്കോയ്മയിൽ വിശ്വസിക്കുന്ന തീവ്രവാദികളും ഭീകരന്മാരുമാണ്. ഭീകരതക്കെതിരായ യുദ്ധം എന്ന് ഓമനപ്പേരിട്ട ബുഷ്-ഡിക്ചെനി-റംസ്ഫെൽഡ് യുദ്ധപ്രഭുക്കളുടെ പദ്ധതി ഇരു വംശീയ

വാദികളുടെയും യോജിപ്പിന് ആക്കം കൂട്ടി. ഹണ്ടിംഗ്ടന്റെ സംസ്കാരങ്ങൾ തമ്മിലുള്ള സംഘട്ടനം എന്ന സിദ്ധാന്തം ഇരുകൂട്ടരും ഉയർത്തിപ്പിടിക്കുന്നു.

ആര്യന്മാരും അവരുടെ ഭാഷയും ഇന്തോ ആര്യൻ സ്വദേശിയാണെന്ന് തെളിയിക്കാൻ ഹിന്ദുത്വർ വ്യഗ്രതകാട്ടുന്നു. ഹാരപ്പൻ സീലുകളിൽ കമ്പ്യൂട്ടറിൽ വക്രീകരണം നടത്താൻ പോലും ഇതിനവർ തയ്യാറായി. ആര്യന്മാരുടെ കുതിരബന്ധം സൈന്ധവ നാഗരികതയുണ്ടായിരുന്നു എന്ന് തെളിയിക്കാനായിരുന്നു ഇത്.

ആര്യന്മാരുടെ ഉൽപത്തി തിബത്തിലാണെന്ന് ആര്യ സമാജ് സ്ഥാപകൻ സ്വാമി ദയാനന്ദ സരസ്വതി (1824 – 1883) വാദിച്ചു. അതേസമയം ഹൈന്ദവ ദേശീയവാദിയായ ബാലഗംഗാധര തിലക് (1856 – 1920) ആർട്ടിക്കിലാണ് ആര്യോൽപത്തി ദർശിച്ചത്. ആർട്ടിക്, ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റ ഭാഗമായിരുന്നുവെന്നും ആര്യന്മാരെ ഇവിടേക്കാക്കിയശേഷം ആർട്ടിക് പിന്മാറുകയായിരുന്നുവെന്നും കോൺടിനന്റൽ ഡ്രിഫ്റ്റ് തിയറി ഉപയോഗിച്ച് സമീകരിക്കാനുള്ള ലജ്ജാകരമായ ശ്രമമാണ് ഗോൾവാർക്കർ നടത്തിയത്.

ടർക്കിഷ്-അഫ്ഗാൻ അധിനിവേശക്കാർ മധ്യകാലത്ത് ഇന്ത്യയിൽ അക്രമണം നടത്തുമ്പോൾ ഇന്ത്യയിൽ സുശക്തമായ ഹിന്ദുരാജവംശങ്ങൾ തന്നെയുണ്ടായിരുന്നില്ല; ഉണ്ടായിരുന്നവർ പരസ്പരം പോരടിച്ചു നിൽക്കുകയുമായിരുന്നു. കനൂജിലെ ജയ്ചന്ദ് സ്വന്തം ബന്ധു തന്നെയായ പ്രിഥ്രാജ് ചൗഹാനെതിരെ മുഹമ്മദ് ഗോറിയുമായി സൈനിക കരാറുണ്ടാക്കി.

ചരിത്രത്തിൽ നിന്ന് തങ്ങൾക്കാവശ്യമുള്ളതു മാത്രം തെരഞ്ഞെടുത്ത് ദുർവ്യാഖ്യാനിക്കുക എന്നത് സയണിസ്റ്റുകളുടെയെന്ന പോലെ ഹിന്ദുത്വരുടെയും ശൈലിയാണ്. വിശുദ്ധ പലസ്തീൻ ഭുമി ജൂത ജനതക്കായി യഹോവ നൽകിയതാണെന്ന വാദം പോലെ തന്നെ ഇന്ത്യാ ഉപഭുഖണ്ഡം മുഴുവൻ ഹിന്ദുക്കളുടേത് മാത്രമാണെന്ന് ഹിന്ദുത്വർ കരുതുന്നു.

ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് രാമൻ അയോധ്യ ഭരിച്ചിരുന്നുവെന്ന തങ്ങളുടെ വാദം തെളിയിക്കാൻ ആർക്കിയോളജിയെ ഉപയോഗപ്പെടുത്തുന്നതു പോലെ തന്നെ വർഗ്ഗീയമാണ് മസ്ജിദുൽ അഖ്സ തകർത്ത് സോളമന്റെ ക്ഷേത്രം സ്ഥാപിക്കണമെന്ന വാദവും. ഹിന്ദത്വരും സയണിസ്റ്റുകളും കഴിഞ്ഞ ഏതാനും വർഷങ്ങൾ തങ്ങളുടെ ആധിപത്യത്തിന്റെ വെളിച്ചത്തിൽ ഏതാനും സഹസ്രാബ്ദങ്ങളുടെ ചരിത്രം തന്നെ പുനർനിർമിക്കുകയാണെന്ന് ഇസ്രയേലി ചരിത്രകാരൻ ഇലാൻ പേപ്പ് കുറിച്ചത് ഏറെ ചിന്തനീയമാണ്.*39*

പ്രാചീന ഇസ്രയേലിനെ കണ്ടെത്തിക്കൊണ്ട് പലസ്തീനികളുടെ ചരിത്രം തമസ്കരിക്കാൻ സയണിസം ശ്രമിക്കുമ്പോൾ പ്രചീന ഹൈന്ദവ ഭാരതം വൈദികമായിരുന്നുവെന്ന് സങ്കൽപിച്ചുകൊണ്ട് ഇതര സാമൂഹിക-സാംസ്കാരിക സ്വത്വങ്ങളെ റദ്ദാക്കാനാണ് ഹിന്ദുത്വയുടെ താൽപര്യം.

**ആന്ത്രോപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ 'പിപ്പിൾ ഓഫ് ഇന്ത്യ' എന്ന പഠനമനുസരിച്ച്, 4000 ത്തിലേറെ സമുദായങ്ങൾ വ്യതിരിക്ത സംസ്കാരങ്ങളോടെയും ഭാഷാ-മത വിശ്വാസമടക്കമുള്ള വൈജാത്യങ്ങളോടെയും ഇന്ത്യയിൽ കഴിയുന്നുണ്ട്. ഹിന്ദുക്കളും മുസ്‌ലിംകളും 95% ത്തിലും പൊതുസ്വഭാവം പുലർത്തുന്നുവെന്നു പ്രസ്തുതാ പഠനം പുറത്തു കൊണ്ടുവന്നു. ഇന്ത്യയിൽ ആരും പൂർണ സ്വദേശികളോ പൂർണ വിദേശികളോ അല്ല എന്നതാണ് നരവംശശാസ്ത്ര പഠനം വെളിവാക്കുന്ന മറ്റൊരു വസ്തുത. ഈ കണ്ടെത്തലുകളൊക്കെ ഹിന്ദുത്വയുടെ അടിസ്ഥാന സിദ്ധാന്തങ്ങളെ കടപുഴക്കിയെറിയുകയാണ്.**

### വംശീയ വ്യാഖ്യാനത്തെ പ്രതിരോധിക്കുക

സയണിസ്റ്റ് പ്രീണനം എന്ന നാണക്കേടിൽ നിന്ന് ഇന്ത്യൻ ജനതയെ രക്ഷിച്ചെടുക്കാൻ ഹൈന്ദവ ജനതയാണ് മുൻകൈ എടുക്കേണ്ടത്. ഹിന്ദുത്വരും സയണിസ്റ്റുകളും ദേശസ്നേഹികളോ മതഭക്തരോ അല്ല; സാമ്രാജ്യത്വത്തിന്റെ നാവുകളും നുകങ്ങളും കരങ്ങളുമാണ്. കുതന്ത്രങ്ങളിലൂടെ രാഷ്ട്രീയ ശക്തിനേടിയെടുത്ത് ഇന്നിനെയും ഭാവിയെയും മാത്രമല്ല, ഭുതകാലത്തെപ്പോലും ഇച്ഛക്കൊത്ത് ഇക്കൂട്ടർ പ്രതിനിധാനം ചെയ്യുന്നത് ചെറുക്കപ്പെടണം. പരമതനിന്ദയും അവഹേളനവും മാത്രം നൽകുന്ന സംഘ് പ്രസിദ്ധീകരണങ്ങൾ സാമുദായിക ധ്രുവീകരണം ലക്ഷ്യമിട്ടാണ് നീങ്ങുന്നതെന്ന് ഇന്ത്യൻ ജനത തിരിച്ചറിയേണ്ടതുണ്ട്.

ഫറോവയുടെ പദ്ധതി തന്നെയാണ് നാസി-സയണിസ്റ്റ്-ഹിന്ദുത്വരുടേതും:"ഫറവോൻ ഭൂമിയിൽ നിഗളിക്കുകയും അതിലെ നിവാസികളെ വിവിധ കക്ഷികളായി വിഭജിക്കുകയും ചെയ്തു. അതിലൊരു കക്ഷിയെ നിന്ദിതരാക്കിയിട്ടുണ്ടായിരുന്നു." (ഖുർആൻ 28:4)

ഒരു വിഭാഗത്തെ നിന്ദിതരും അവഹേളിതരുമാക്കാനുള്ള ഫാഷിസ്റ്റ് പദ്ധതിക്കെതിരെ ജനകീയമായ ചെറുത്തുനിൽപാണ് വളർന്നു വരേണ്ടത്. മാനവിക മൂല്യങ്ങളുയത്തിപ്പിടിക്കുന്ന വിശാലമായ ഐക്യനിര തന്നെയാണിതിന് കെട്ടിപ്പടുക്കേണ്ടത്.

സവർക്കരുടെ ജനനത്തിന് ഏതാണ്ട് ഒരു നൂറ്റാണ്ടിന് ശേഷം ജനിച്ച നോർവെക്കാരൻ സയണിസ്റ്റ് ഹിന്ദുത്വവാദി ആൻഡേഴ്സ് ബെഹ്റിംഗ് ബ്രെയ്‌വിക് എന്ന 32 കാരൻ 2011 ജൂലൈ 22 ന് 90 നിരപരാധികളെ വെടിവെച്ചുകൊന്നു. സവർക്കരെപ്പോലെ ബ്രെയ്‌വികും നവ നാസിയും സയണിസ്റ്റും ഹിന്ദുത്വവാദിയുമാണ്; ഇസ്‌ലാമോഫോബിയയാണ് ഇവരുടെ മുഖമുദ്ര.

വസുദൈവ കുടുംബകം, ലോകമേ തറവാട് എന്നിങ്ങനെ ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കുന്ന മാനവിക ദർശനത്തെ മാത്രമാണ് ഹൈന്ദവ ജനത പിന്തുണക്കേണ്ടത്. പരമതനിന്ദയും വെറുപ്പും വിദ്വേഷവും അജണ്ടയാക്കിയ പ്രസ്ഥാനങ്ങളെ അകറ്റി നിർത്താൻ അവർ ശീലിക്കണം.

**കുറിപ്പുകൾ**


1. Aijas Ahmed, Israel's Killing Fields, Frontline, Vol.17, issue 23, November 11,2000
2. Nanaji Desh Mukh, Victim of slander, Vision Books: New Delhi, 1979, p.70
3. M.S.Golwalkar, Bunch of Thoughts, Sahitya Sindhu: Bangalore, 1996, p.18
4. Jawaharlal Nehru, Recent Essays and Writings, Kitabustan: Allahabad, 1934, p.46
5. Marzia Casolari, Hindutva's Foreign Tie-up in the 1930's- Archival Evidences, Economic and political Weekly, 22 January 2000
6. M.S.Golwalkar, We or Our Nationhood Defined, Bharat Prakashan: Nagpur, 1938, p.52
7. Ibid, p.37
8. David Ben-Gurion, Israel: A Personal History, New English Library: London, 1971, p.728
9. Yehuda Bauer, American Jewry and the Holocaust, Wayne State University Press: Detroit, 1981
10. Zeev Maoz, Defending the Holy Land, University of Michigan Press: Ann Arbor, 2006,p.257
11. Desi Mossad Getting Ready at Bajrang Dal's Ayodhya Camp, The Indian Express, June 30, 2000
12. M.S Golwalkar, Op.cit, p.111
13. http://www.Freeman.org
14. Vijay Prashad, Namaste Sharon, Leftword Books: New York, 2003, p.12
15. Ibid,p.18
16. Ibid,p.63
17. Ibid,p.72
18. Ibid,p.25-26
19. Ninan Koshy, Under the Empire: India's New Foreign Policy, Leftword books: New York, 2006, p.155
20. Vijay Prashad, Op.cit,p.10
21. Pramodkumar, Towards Understanding Communalism, Centre for Research in Rural and Industrial Development: Chandigarh, 1992, p.348
22. V.D.Savarkar, The War Of Independence, Phoenix Publishers: Bombay (1909), 1947
23. R.C.Majumdar, Penal settlement in Andamans, Publications Division: New Delhi, 1975, p.211-214
24. Kitty Kurti, Subhas Chandra Bose as I Knew Him, Firma K.L.Mukhopadhyay: Culcutta, 1996, p.11
25. A.G.Noorani, The Collaborators, Frontline , December 1, 1995
26. V.D.Savarkar, Hindutva, Bharat Mudranalaya: Nagpur (1923), 1949, p.108
27. Ibid, p.116
28. Ibid, p.140
29. Mahatma Gandhi, The Collected Works of M.K.Gandhi, Vol.17, Navjivan: Ahmadabad, 1944,p.462
30. Chitra Gupta, Life of Barrister Savarkar, Hindu Mission Pustak Bhandar: New Delhi, 1939, p.277
31. V.D.Savarkar, Ibid, p.108
32. V.D.Savarkar, Historic Statements, G. P. Parchure: Bombay, 1967
33. Dhananjay Keer, Veer Savarkar, Popular Prakashan: Mumbai (1950), 1988, p.467
34. V.D.Savarkar, Op. Cit, p.449
35. Koenraad Elst, The Safron Swastika, Voice of India: New Delhi, 2001, p.381
36. Dhananjay Keer, Op. Cit, p.499
37. Koenraad Elst, Op. Cit, p.381-382
38. Israel Finkelstein, Neils Asher Silberman, The Bible Unearthed: Archaeology's New Vision of Ancient Israel and the Origin of Its Sacred Texts, Free Press: New York, 2001
39. Ilan Pappe, The Square Circle: The Struggle For Survival of Traditional Zionism, in Nimni E (eds) The Challenge of Post-Zionism, Zed Books: London, 2003, p.55